L.R(T)4-13358/09(3)

ലാന്റ് റവന്യു കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33, തീയതി : 15.10.2010.

പ്രേക്ഷിതൻ
കമ്മീണർ,
ലാന്റ് റവന്യു.

സ്വീകർത്താവ്
എല്ലാ ജില്ലാ കളക്ടർമാർക്കും/ആഫീസ് മേധാവികൾക്കും.

സർ,

വിഷയം :- ജീവനക്കാര്യം - 10.9.84-ലേയും 10.9.84 മുതൽ 31.12.2008-വരെയുമുള്ള LDC/VA താൽക്കാലിക സീനിയോറിറ്റി ലിസ്റ്റുകൾ പുതുക്കി പ്രസിദ്ധീ കരിക്കുന്നത് - സംബന്ധിച്ച് -

സൂചന :- ഈ കാര്യാലയത്തിലെ 15.10.2010-ലെ ഇതേ നമ്പർ നടപടിക്രമങ്ങൾ.

പുതുക്കി പ്രസിദ്ധീകരിച്ച LDC/VA താൽക്കാലിക സീനിയോറിറ്റി ലിസ്റ്റുകൾ സംബന്ധിച്ച് സൂചനയിലെ നിർദ്ദേശങ്ങൾക്കു പുറമേ താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

1) എല്ലാ ജില്ലാ കളക്ടർമാരും/ആഫീസ് മേധാവികളും **www.clr.kerala.gov.in** എന്ന സൈറ്റിൽ നിന്നും സീനിയോറിറ്റി ലിസ്റ്റുകൾ പകർത്തി യഥാവിധം പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

2) സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച വിവരം ജില്ലയിൽ പ്രചാരത്തിലുള്ള വർത്തമാന പത്രങ്ങളിൽ പരസ്യപ്പെടുത്തേണ്ടതാണ്.

3) സീനിയോറിറ്റി ലിസ്റ്റുകളുടെ വേണ്ടത്ര പകർപ്പുകൾ എടുത്ത് മുഴുവൻ ജീവനക്കാർക്കും പരിശോധിക്കുവാൻ അവസരം നൽകേണ്ടതാണ്.

4) സീനിയോറിറ്റി ലിസ്റ്റുകൾ സംബന്ധിച്ച് ജീവനക്കാർ ഹാജരാക്കുന്ന നിർദ്ദിഷ്ട പ്രഫോർമയിലുള്ള അപേക്ഷകൾ/അവകാശ വാദങ്ങൾ പരിശോധിച്ച് റിപ്പോർട്ട്/റിമാർക്സ് സഹിതം ലാന്റ് റവന്യു കമ്മീഷണർ മുമ്പാകെ 8.11.2010-നകം സമർപ്പിക്കേണ്ടതാണ്.

5) സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയവരെ സംബന്ധിച്ചുള്ള വിവരങ്ങൾ നിർദ്ദിഷ്ട സർവ്വീസ് കാർഡിൽ ലഭ്യമാക്കേണ്ടതാണ്.

6) ലിസ്റ്റിൽ പേരുൾപ്പെട്ടവരിൽ സേവനത്തിലിരിക്കെ മരണപ്പെട്ടവർ, വകുപ്പ് വിട്ടുപോയവർ, ദീർഘകാല ശൂന്യവേതന അവധിയിലുള്ളവർ എന്നിവരെ സംബന്ധിച്ചുള്ള വിവരങ്ങൾ 8.11.2010-നകം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7) കാറ്റഗറി മാറി വന്ന യൂ.ഡി.റ്റി-മാരുടെ വിവരങ്ങൾ LDC/VA ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതില്ലാത്തതിനാൽ അത്തരക്കാർ ലിസ്റ്റിലുൾപ്പെട്ടിട്ടുണ്ടോ എന്നു കൂടി പരിശോധിക്കേണ്ടതാണ്.

8) സീനിയോറിറ്റി ലിസ്റ്റുകൾ യഥാവിധം പരസ്യപ്പെടുത്തിയ വിവരങ്ങളടങ്ങിയ സാക്ഷ്യപത്രം 3 ദിവസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

കമ്മീഷണർ

T5/15.10